15 -ാം കേരള നിയമസഭ

2 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3320 **04-08-2021 - ൽ മറുപടിയ്ക്ക്**

കൊച്ചി താലൂക്കിലെ സറണ്ടർ ചെയ്ത മുൻഗണന കാർഡുകൾ

ചോദ്യം		ഉത്തരം	
ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ		Shri G R Anil (ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)	
(എ)	മുൻഗണനാവിഭാഗത്തിൽപ്പെട്ടതും സറണ്ടർ ചെയ്യപ്പെട്ടതുമായ റേഷൻ കാർഡുകൾ അർഹരായവർക്ക് എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;	(എ)	മുൻഗണന വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ ലഭ്യമാകുന്ന അപേക്ഷകളിൽ ആവശ്യമായ പരിശോധന നടത്തി ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 - ഓ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്ന കുടുംബങ്ങളുടെ സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി സീനിയോറിറ്റി പ്രകാരം 31/08/2021 നു മുമ്പ് നിലവിലുള്ള മുൻഗണന ഒഴിവുകളിലേക്ക് ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
(ബി)	കൊച്ചി താലൂക്ക്/സിറ്റി റേഷനിങ് ഓഫീസ് പരിധിയിൽ അനർഹർ കൈവശം വച്ചിരുന്ന എത്ര മുൻഗണന കാർഡുകൾ നാളിതുവരെ സറണ്ടർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?	(ബി)	കൊച്ചി താലൂക്ക് സപ്ലൈ ഓഫീസ്, സിറ്റി റേഷനിങ് ഓഫീസ് പരിധികളിലായി അനർഹമായ 1495 മുൻഗണനാ റേഷൻകാർഡുകൾ സറണ്ടർ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ